**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 274** **10-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ അങ്കണവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന അങ്കണവാടികളുടെ വിശദാംശം അറിയിക്കാമോ; | (എ) | (എ) കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന അങ്കണവാടികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | ഇതിൽ എത്ര അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട് എന്നറിയിക്കാമോ; സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ, അവ ഏതൊക്കെയെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; | (ബി) | (ബി) കുറ്റ്യാടി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന 232 അങ്കണവാടികളിൽ 205 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഉണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു. കുറ്റ്യാടി മണ്ഡലത്തിലെ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളിൽ 2 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയുടെ ഫയൽ നമ്പർ സഹിതമുള്ള വിശദാംശം അനുബന്ധം -3 ആയി ചേർക്കുന്നു. |
| (സി) | ഇത്തരത്തിൽ അങ്കണവാടികളുടെ നിർമ്മാണത്തിനായി ലഭിച്ച അപേക്ഷകൾക്ക് അംഗീകാരം നൽകുമോ; വ്യക്തമാക്കാമോ? | (സി) | (സി) സർക്കാരിൽ ലഭ്യമായിട്ടുള്ള 114-ാം നമ്പർ അങ്കണവാടി സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. 20-ാം നമ്പർ അങ്കണവാടിയ്ക്ക് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷം പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നം | പഞ്ചായത്ത് | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | ആയഞ്ചേരി | 24 |
| 2 | മണിയൂർ | 40 |
| 3 | വില്ല്യപ്പള്ളി | 35 |
| 4 | തിരുവള്ളൂർ | 33 |
| 5 | കുറ്റ്യാടി | 20 |
| 6 | വേളം | 29 |
| 7 | കുന്നുമ്മൽ | 20 |
| 8 | പുറമേരി | 31 |
| | ആകെ | 232 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

| ക്രമ നം | പഞ്ചായത്ത് | സ്വന്തം കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | ആയഞ്ചേരി | 19 |
| 2 | മണിയൂർ | 37 |
| 3 | വില്ല്യപ്പള്ളി | 30 |
| 4 | തിരുവള്ളൂർ | 30 |
| 5 | കുറ്റ്യാടി | 20 |
| 6 | വേളം | 27 |
| 7 | കുന്നുമ്മൽ | 19 |
| 8 | പുറംമേരി | 23 |
| | ആകെ | 205 |

സെക്ഷൻ ഓഫീസർ

## അനുബന്ധം -3

| ക്രമ നം | ഐസിഡിഎസ് | പഞ്ചായത്ത് | സെന്റർ നം | റിമാർക്സ് |
|---|---|---|---|---|
| 1 | തോടന്നൂർ | വില്ല്യാപ്പള്ളി | 114 | 07.12.2023 ലെ DWCD/1092/2023-ICDSA8 നമ്പർ കത്ത് പ്രകാരം ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് വശിവിവ-ബി1/375/2023-വശിവിവ നം ഫയലിൽ പരിഗണനയിലാണ്. |
| 2 | തോടന്നൂർ | തിരുവള്ളൂർ | 20 | 2023-24 സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തത കാരണം പ്രൊപ്പോസൽ പരിഗണിക്കാൻ സാധിച്ചില്ല. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം നടത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി 29.01.2024 ലെ DWCD/1092/2023-ICDSA8 നമ്പർ കത്ത് പ്രകാരം പ്രോഗ്രാം ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ